പണിയേണ്ടതും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതും ബ്ലോക്ക് പഞ്ചായത്താകയാൽ ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൂവാർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നാല് ഡോക്ടർമാർ നിലവിലുണ്ട്. അവിടെ 16 കിടക്കകളാണുള്ളത്. ഒരു സ്റ്റാഫ് നേഴ്സിന്റെ തസ്തികയേ ഒഴിവുള്ളൂ. ലാബും ലാബ് ടെക്നീഷ്യനും അവിടെയുണ്ട്. കൂടുതൽ കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് നേരത്തെ ഉന്നയിക്കാത്തതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട രേഖകൾ എന്റെ കൈവശമില്ല.

(18) കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. ടി. എം. ജേക്കബ് : സർ, കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷൻ ഇന്ന് സംസ്ഥാന വ്യാപകമായി നടത്തുന്ന ഒരു സമരത്തെ തുടർന്ന് സെക്രട്ടേറിയറ്റിന്റെ മുന്നിലേയ്ക്ക് ഒരു മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. വളരെ സാങ്കേതിക വൈദഗ്ധ്യം വേണ്ടതും വളരെ ബുദ്ധിമുട്ട് നേരിടുന്നതുമായ ഒരു വിഭാഗമാണ് മെഡിക്കൽ ടെക്നീഷ്യൻസ്. വളരെ റിസ്ക്കുള്ള ഒരു ജോലിയാണ് അവർ ചെയ്യുന്നത്. കേരളത്തിലെ 25,000 ത്തിൽപരം മെഡിക്കൽ ടെക്നീഷ്യൻസ് സ്വകാര്യ മേഖലയിൽ ജോലി ചെയ്തുവരുന്നുണ്ട്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് ഗവൺമെന്റ് ആശുപത്രികളിലും ലാബുകളിലും ജോലി ചെയ്യുന്ന ടെക്നീഷ്യന്മാരെ മാത്രമാണ്. ഏഴു വർഷം മുൻപ് കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷൻ രൂപം നൽകിയ അവസരത്തിൽ തന്നെ സ്വകാര്യ മേഖലയിൽ മെഡിക്കൽ ടെക്നീഷ്യന്മാർക്ക് സ്വന്തം തൊഴിൽ ചെയ്യാനുള്ള രജിസ്ട്രേഷനും ക്ഷേമനിധിക്കുംവേണ്ടി ഗവൺമെന്റിന് നിവേദനം നൽകിയിരുന്നു. പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് സ്വകാര്യ മേഖലയിലെ മെഡിക്കൽ ടെക്നീഷ്യന്മാർക്ക് അംഗീകാരം നൽകുമെന്ന് അന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയതാണ്. അതിനെത്തുടർന്ന് ഒരു നിയമമുണ്ടാക്കുന്നതിനുവേണ്ടി ഒരു ബിൽ തയ്യാറാക്കി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്രത്തിന്റെ അനുമതി ആവശ്യമായിട്ടുള്ള ഒരു നിയമമാണിത്. സ്വകാര്യ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മെഡിക്കൽ ടെക്നീഷ്യന്മാർക്ക് നിർദ്ദിഷ്ട പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് അംഗീകാരവും നിയമ പരിരക്ഷയും നിർദ്ദിഷ്ട പാരാമെഡിക്കൽ കൗൺസിലിന്റെ നയരൂപീകരണവും ഉറപ്പാക്കുക, നയരൂപീകരണത്തിലും പ്രവർത്തനത്തിലും കേരളത്തിലെ മെഡിക്കൽ ടെക്നീഷ്യന്മാരുടെ ഏക സംഘടനയായ കെ.പി.എം.ടി.എ.യ്ക്ക് അർഹമായ പ്രാതിനിധ്യം നൽകുക, കേരളത്തിലെ ഇതര വിഭാഗം തൊഴിലാളികൾക്ക് ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധി, ഗ്രൂപ്പ് ഇൻഷ്വറൻസ്, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ അപകടകരമായ ചുറ്റുപാടിൽ ജോലി ചെയ്യുന്ന മെഡിക്കൽ ടെക്നീഷ്യന്മാർക്കും അടിയന്തിരമായി ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരിക്കുന്നത്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ട് ആ ഗൗരവം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിൽനിന്ന് അനുവാദം വാങ്ങി എത്രയുംവേഗം ഈ നിയമം നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. വളരെ ന്യായമായി അവർ ഉന്നയിച്ചിരിക്കുന്ന കാര്യമാണ്. അസംഘടിതരായിട്ടുള്ള ഒരു വിഭാഗമാണ്. അവരുടെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ടെക്നീഷ്യന്മാരുടെ നിയമനത്തിന് ഇപ്പോൾതന്നെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നിലവിലുണ്ട്. ഡിപ്ലോമയും എം.എൽ.ടി. യുമാണ് യോഗ്യത. അതല്ലാതെയുള്ള യോഗ്യതകൊണ്ട് അംഗീകാരം നൽകാൻതക്ക നിയമമൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല. പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിൽ അഖിലേന്ത്യാനയം ആവശ്യമായതിനാൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെടേണ്ടതുണ്ട്. നിർദ്ദിഷ്ട കൗൺസിലിന്റെ പ്രവർത്തനവും നയവും അതിനുശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. നേരത്തേതന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. 1995-ലെ ഒരു കരട് ബിൽ ഇപ്പോൾ ഗവൺമെന്റ് പുനഃക്രമീകരിക്കുന്നതിനുവേണ്ടി പുറത്തെടുത്തിരിക്കുകയാണ്. അടുത്ത പ്രാവശ്യം നിയമസഭയിൽ ഇത് കൊണ്ടുവരണമെന്നും ആഗ്രഹിക്കുന്നു. ആ ബിൽ പൂർത്തിയായി വരുമ്പോൾ ജോലി സ്ഥിരത, ക്ഷേമനിധി, ഇൻഷ്വറൻസ് എന്നീ കാര്യങ്ങൾ ആ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ച ചെയ്യാവുന്നതാണ്. ഇത് സജീവമായി പരിഗണിക്കപ്പെടേണ്ട ഒരു വിഷയമാണ്.

(19) മാള നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. യു. എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിൽ വർഷങ്ങൾക്ക് മുമ്പ് തുടങ്ങിവച്ച ലിഫ്റ്റ് ഇറിഗേഷൻ പണികൾ പൂർത്തീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിലുള്ള കാലതാമസത്തെക്കുറിച്ചുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കൊണ്ടഴിഞ്ഞാൽ കോട്ടമുറി ലിഫ്റ്റ് ഇറിഗേഷന്റെ പൈപ്പ് കുഴിച്ചിടൽ കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. പമ്പ്ഹൗസ്, ലീഡിംഗ് ചാനൽ നിർമ്മിക്കൽ, മോട്ടോർ ഫിറ്റുചെയ്യൽ തുടങ്ങിയ പണികൾ നടത്തേണ്ടതുണ്ട്. അഷ്ടമിച്ചിറ-പുത്തൻച്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ പണികളും നിറുത്തിവച്ചിരിക്കുകയാണ്. പമ്പ്ഹൗസ് നിർമ്മിക്കൽ മോട്ടോർ ഫിറ്റുചെയ്യൽ ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ടതുണ്ട്. രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പണികളും പൂർത്തീകരിക്കാൻ അടിയന്തിര നടപടികളുണ്ടാകണം. കുഴൂർ പഞ്ചായത്തിൽ 7 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ തകരാറിലാണ്. വഞ്ചിപുരത്താകം, തുമ്പരശ്ശേരി, വട്ടക്കുളം, കൊമ്പുകടവ്, തട്ടാൻതോട് എന്നീ സ്കീമുകളിലെ മോട്ടോറുകൾ പലതും പ്രവർത്തിക്കുന്നില്ല. പല മോട്ടോറുകളും വളരെ പഴക്കമുള്ളതാണ്. മോട്ടോറുകൾ പലതും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതി ബോർഡിൽ പൈസ അടയ്ക്കാത്തതുകൊണ്ട് വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly